മനോരമ

# വിക്റ്റിമോളജി ലൈബ്രറിയുമായി വിശ്വാസ്

പാലക്കാട് ● കുറ്റകൃത്യങ്ങളിൽ ഇരകൾക്കുണ്ടാകുന്ന മാനസിക ആഘാതങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയ പഠനശാഖയായ വിക്ടിമോളജിയെക്കുറിച്ച് റഫറൻസ് ലൈബ്രറി ജില്ലയിൽ ആരംഭിക്കുന്നു. കുറ്റകൃത്യങ്ങളിലെ ഇരകളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിശ്വാസ് സംഘടനയാണു സിവിൽ സ്റ്റേഷനിലുള്ള ഓഫിസിൽ ലൈബ്രറി ഒരുക്കുന്നത്.

രാജ്യത്തെ വിക്ടിമോളജിയുടെ ഉപജ്ഞാതാവ് മുൻ ഐജി വി.എൻ. രാജന്റെ പേരിൽ ആരംഭിക്കുന്ന ലൈബ്രറിയിൽ ഇന്ത്യയിലും വിദേശത്തും നിന്നുള്ള പുസ്തകങ്ങൾ ലഭ്യമാക്കും. നിർധന നിയമ വിദ്യാർഥികൾക്കായി ബുക്ക് ബാങ്ക് ആരംഭിക്കും. മനുഷ്യാവകാശ നിയമങ്ങളെക്കുറിച്ചു സർക്കാർ ഉദ്യോഗസ്ഥർക്കും വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കുമായി ബോധവൽക്കരണ ശിൽപശാലകൾ നടത്താനും തീരുമാനിച്ചു.

സംഘടന പ്രസിഡന്റ് കൂടിയായ കലക്ടർ മൃൺമയി ജോഷി ശശാങ്കിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ വിശ്വാസ് ട്രഷറർ ആയി ഡോ. കെ. തോമസ് ജോർജ്, 'മനുഷ്യക്കടത്തിനെതിരെ പഞ്ചായത്തുകൾ' പദ്ധതി കോഓർഡിനേറ്ററായി വി.പി. കുര്യാക്കോസ് എന്നിവരെ തിരഞ്ഞെടുത്തു. ബി. ജയരാജൻ, അഡ്വ. ആർ. ദേവികൃപ, നിയമവേദി ചെയർപഴ്സൻ അഡ്വ. എസ്. ശാന്താദേവി, ജോയിന്റ് സെക്രട്ടറി അഡ്വ. എൻ. രാഖി, ഡോ. ജോസ് പോൾ, മുഹമ്മദ് അൻസാരി, കെ.പി. രാജി, സെക്രട്ടറി പി. പ്രേംനാഥ്, ജോയിന്റ് സെക്രട്ടറി ദീപ ജയപ്രകാശ് എന്നിവർ പ്രസംഗിച്ചു.